# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. തോമസ് ബേബിയെ സ്ഥലംമാറ്റിയും പാലക്കാട് പെർഫോമൻസ് ആഡിറ്റ് യൂണിറ്റ്-4 സൂപ്പർവൈസർ ശ്രീ. റ്റി. മോഹനൻ നമ്പൂതിരിക്ക് കെ. എസ് & എസ്.എസ്. ആർ, ഭാഗം II, ചട്ടം 31 എ(i) പ്രകാരം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായി താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

## തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ)നം. 436/2013/തസ്വഭവ　　　　തീയതി, തിരുവനന്തപുരം 18/02/2013

=====================================================================

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 11/10/2012-ലെ ഡി10-11102/2009 നമ്പർ നടപടിക്രമങ്ങൾ.

2) പഞ്ചായത്ത് ഡയറക്ടറുടെ 01/01/2013-ലെ ഇ11-310/12 നമ്പർ കത്ത്.

### ഉത്തരവ്

പാലക്കാട് പെർഫോമൻസ് ആഡിറ്റ് യൂണിറ്റ്-4 സൂപ്പർവൈസർ ശ്രീ. റ്റി. മോഹനൻ നമ്പൂതിരിയുടെ പേരിൽ അച്ചടക്കനടപടി നിലനിന്നിരുന്നതിനാൽ 22/05/2012-ൽ ചേർന്ന വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി യോഗം അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് ടിയാനെ പരിഗണിച്ചിരുന്നില്ല. എന്നാൽ ടിയാനെതിരെയുള്ള അച്ചടക്കനടപടി ലഘുശിക്ഷ നൽകി പരാമർശം (1) പ്രകാരം തീർപ്പാക്കിയിട്ടുള്ളതിനാലും ടിയാൻ 31/03/2013-ൽ വിരമിക്കുന്നതിനാലും സീനിയറായ ടിയാന് അർഹതപ്പെട്ട ഉദ്യോഗക്കയറ്റം നഷ്ടപ്പെടാതിരിക്കുവാനും, കെ.എസ് & എസ്. എസ്.ആർ, ഭാഗം II ചട്ടം 31 എ(i) അനുസരിച്ച് ടിയാന് അസിസ്റ്റന്റ് ഡയറക്ടറായി താൽക്കാലിക ഉദ്യോഗക്കയറ്റം നൽകുന്നകാര്യം പരിഗണിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് പെർഫോമൻസ് ആഡിറ്റ് യൂണിറ്റ്-4 സൂപ്പർവൈസർ ശ്രീ. റ്റി. മോഹനൻ നമ്പൂതിരിയ്ക്കെതിരെ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച അച്ചടക്കനടപടി ലഘുശിക്ഷ നൽകി തീർപ്പാക്കിയതിനാലും 31/03/2013-ൽ സേവനത്തിൽ നിന്നും വിരമിക്കുന്നതിനാലും ടിയാന് കെ. എസ് & എസ്. എസ്. ആർ, ഭാഗം II, ചട്ടം 31 എ(i) പ്രകാരം അസിസ്റ്റന്റ് ഡയറക്ടറായി താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. തോമസ് ബേബിയെ നിലവിലുള്ള ഒഴിവിൽ ആലപ്പുഴ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായി സ്ഥലം മാറ്റിയും മേൽ പ്രകാരം താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ച ശ്രീ. റ്റി. മോഹനൻ നമ്പൂതിരിയെ പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായി നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ. ആർ കൃപാനന്ദൻ,**
ജോയിന്റ് സെക്രട്ടറി

1. ശ്രീ. റ്റി. മോഹനൻ നമ്പൂതിരി, ആഡിറ്റ് സൂപ്പർ വൈസർ, പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് (4), പാലക്കാട്.
2. ശ്രീ. തോമസ് ബേബി, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, പാലക്കാട്.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശൂർ.
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ/പാലക്കാട്.
6. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ആലപ്പുഴ/പാലക്കാട്.
7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ/പാലക്കാട്.
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം*

*സെക്ഷൻ ഓഫീസർ.*

*പകർപ്പ്:- ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.*

*Web & New Media, South Block, Govt. Secretariat, Tvpm.*
*(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*